No. CEE/1150/PGN/2019/TA3

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001

# <u>വിജ്ഞാപനം</u>

# <u>ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി. നഴ്സിംഗ്) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2019</u>

1. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, ആലപ്പുഴ, തൃശൂർ, കണ്ണൂർ എന്നീ സർക്കാർ നഴ്സിംഗ് കോളേജുകളിലും വിവിധ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ സർക്കാർ സീറ്റുകളിലേയ്ക്കും താഴെപ്പറയുന്ന ബിരുദാനന്തര ബിരുദ നഴ്സിംഗ് (എം.എസ്.സി.നഴ്സിംഗ്) 2019 കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.
   (i) മെഡിക്കൽ സർജിക്കൽ നഴ്സിംഗ് (ii) കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ് (iii) ചൈൽഡ് ഹെൽത്ത് നഴ്സിംഗ് (iv) ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി നഴ്സിംഗ് (v) മെന്റൽ ഹെൽത്ത് നഴ്സിംഗ്

2. **<u>പ്രവേശനത്തിനുള്ള യോഗ്യതകൾ</u>:**

**(a) <u>വിദ്യാഭ്യാസ യോഗ്യതകൾ</u>:** കേരളത്തിലെ സർവ്വകലാശാലകളിലൊന്നിൽ നിന്നും ലഭിച്ചതോ/കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതോ ആയ ബി.എസ്.സി. നഴ്സിംഗ് റഗുലർ ബിരുദം അഥവാ ജനറൽ നഴ്സിംഗ് ആന്റ് മിഡ്‌വൈഫറി കോഴ്സ് പൂർത്തിയാക്കിയതിനു ശേഷമുള്ള പോസ്റ്റ് ബേസിക് നഴ്സിംഗ് (റഗുലർ) ബിരുദം. കേരളത്തിന് പുറത്തുള്ള സർവ്വകലാശാലകളിൽ നിന്നോ കല്പിത സർവ്വകലാശാലകളിൽ നിന്നോ നഴ്സിംഗ് ബിരുദം നേടിയിട്ടുള്ളവർ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നുമുള്ള തുല്യതാ സർട്ടിഫിക്കറ്റ് കൗൺസിലിംഗ് സമയത്ത് സമർപ്പിക്കേണ്ടതാണ്. (പ്രോസ്പെക്ട്സ് ക്ലോസ് 7.2)

**(b) <u>നേറ്റിവിറ്റി</u>:** അപേക്ഷകൻ കേരളത്തിൽ ജനിച്ച ഇന്ത്യൻ പൗരനായിരിക്കണം. കേരളീയരല്ലാത്ത ഇന്ത്യൻ പൗരത്വമുള്ള അപേക്ഷകർ കേരളത്തിലെ ഏതെങ്കിലും നഴ്സിംഗ് കോളേജിൽ നിന്നും ബി.എസ്.സി നഴ്സിംഗ് ബിരുദം നേടിയിരിക്കുകയോ 5 വർഷത്തിൽ കുറയാതെ കേരളത്തിൽ താമസക്കാരനായിരിക്കുകയോ വേണം. കേരളീയരല്ലാത്ത അപേക്ഷകർ സാമുദായിക/ഭിന്നശേഷി സംവരണാനുകൂല്യങ്ങൾക്ക് അർഹരായിരിക്കില്ല. (പ്രോസ്പെക്ട്സ് ക്ലോസ് 7.1.1)

**(c) <u>സേവന പരിചയം</u>:** നഴ്സിംഗ് ബിരുദത്തിനും രജിസ്ട്രേഷനും ശേഷം, നഴ്സിംഗ് സ്കൂൾ/കുറഞ്ഞത് 100 രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ആശുപത്രി/കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയിലേതിലെങ്കിലും ഒരു വർഷത്തെ സേവന പരിചയം അല്ലെങ്കിൽ രജിസ്ട്രേഷനുശേഷം ഒരു വർഷത്തെ ഇന്റേൺഷിപ്പ്/നിർബന്ധിത സർക്കാർ സേവനം പ്രവേശന പരീക്ഷയ്ക്ക് വേണ്ടി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന തീയതിയിൽ **23.07.2019** പൂർത്തിയാക്കിയിരിക്കണം.

<u>കുറിപ്പ്</u>: *(എ) ബി.എസ്.സി. നഴ്സിംഗ് ബിരുദത്തിനുശേഷമുള്ള ഒരു വർഷത്തെ പ്രവൃത്തി പരിചയം കേരളത്തിലെയോ മറ്റ് സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളിൽ നിന്നുള്ളതാണെങ്കിലും പരിഗണിക്കുന്നതാണ്. എന്നാൽ നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനും പ്രവൃത്തിപരിചയവും ഒരേ സംസ്ഥാനങ്ങളിൽ നിന്നുള്ളതായിരിക്കണം.*

*(ബി) പോസ്റ്റ് ബേസിക് നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കുന്നതിനാവശ്യമായ കാലയളവ് പ്രവൃത്തി പരിചയമായി പരിഗണിക്കില്ല. (പ്രോസ്പെക്ട്സ് ക്ലോസ് 7.2.2)*

**<u>അപേക്ഷകർ കൗൺസിലിംഗിന് ഹാജരാകുമ്പോൾ കേരള നഴ്സിംഗ് ആന്റ് മിഡ് വൈഫറി കൗൺസിലിൽ നിന്നുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം.</u>**

3. **<u>വയസ്സ്</u>:** പ്രവേശന പരീക്ഷയ്ക്ക് വേണ്ടി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന തീയതിയിൽ (23.07.2019) ജനറൽ വിഭാഗത്തിൽപ്പെടുന്നവർക്ക് ഉയർന്ന പ്രായ പരിധി 46 വയസ്സും സർവ്വീസ് ക്വാട്ടാ അപേക്ഷകരുടെ ഉയർന്ന പ്രായ പരിധി 49 വയസ്സും ആയിരിക്കും.

4. **<u>തെരഞ്ഞെടുപ്പും പ്രവേശന പരീക്ഷയും</u>:** സർവ്വീസ് വിഭാഗം ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകരും പ്രവേശന പരീക്ഷാ കമ്മീഷണർ കേരളത്തിലെ തിരുവനന്തപുരം, എറണാകുളം, കണ്ണൂർ എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന കംപ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ എഴുതിയിരിക്കണം. 10.08.2019 (ശനിയാഴ്ച) നടത്തപ്പെടുന്ന പ്രവേശന പരീക്ഷ 2 മണിക്കൂർ ദൈർഘ്യമുള്ളതും 200 ചോദ്യങ്ങളുള്ളതും ഒബ്ജക്ടീവ് മാതൃകയിലുള്ളതുമായിരിക്കും. പ്രവേശന പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതാണ്.

5. **അപേക്ഷ സമർപ്പിക്കേണ്ട വിധം:** സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകർക്കും www.cee.kerala.gov.in എന്ന പ്രവേശന പരീക്ഷാ കമ്മീഷറുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പൊതു അപേക്ഷാഫോം ഉപയോഗിച്ച് 23.07.2019 മുതൽ 29.07.2019 വൈകുന്നേരം 4 മണി വരെ '**PG Nursing 2019-Online Application**' എന്ന ലിങ്കിലൂടെ **ഓൺലൈനായി** അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ അപേക്ഷകൻ തങ്ങളുടെ ഫോട്ടോഗ്രാഫ്, ഒപ്പ് എന്നിവയും ബന്ധപ്പെട്ട രേഖകൾ പി.ഡി.എഫ് ഫോർമാറ്റിൽ സ്കാൻ ചെയ്ത് പ്രോസ്പെക്ടസ് ക്ലോസ് 8.2.4 ലെ നിബന്ധനകൾക്കനുസൃതമായി അപ്ലോഡ് ചെയ്യേണ്ടതാണ്. **ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കേണ്ടതില്ല.**

6. **അപേക്ഷാ ഫീസ്:** ജനറൽ/സർവ്വീസ് വിഭാഗത്തിന് 1000/- രൂപയും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 500/- രൂപയുമാണ് അപേക്ഷാ ഫീസ്. അപേക്ഷ ഫീസ് ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേയിലൂടെ ഇന്റർനെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് മുഖേനയോ, ഓൺലൈൻ അപേക്ഷാ സമർപ്പണവേളയിൽ ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസ് മുഖാന്തിരമോ ഒടുക്കാവുന്നതാണ്. ജനറൽ മെറിറ്റ് ക്വാട്ടയിൽ കൂടി അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗം അപേക്ഷകർ അധികമായി 1000/- രൂപ കൂടി അടക്കേണ്ടതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

7. **സർവ്വീസ് വിഭാഗത്തിലുളളവരുടെ അപേക്ഷകൾ:** സർവ്വീസ് വിഭാഗത്തിലുള്ള അപേക്ഷാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനു പുറമെ അപേക്ഷയുടെ കൺഫർമേഷൻ പേജ്, പ്രോസ്പെക്ടസ് ക്ലോസ്സ് 6.3, 8.2.5-ൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം **29.07.2019 വൈകുന്നേരം 5 മണിയ്ക്ക്** മുൻപ് അവരുടെ കൺട്രോളിംഗ് ആഫീസർക്ക് (ഡി.എം.ഇ/ഡി.എച്ച്.എസ്/ഐ.എം.എസ്) സമർപ്പിക്കേണ്ടതാണ്. സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം സർവ്വീസ് ക്വാട്ടയിലെ അപേക്ഷകരുടെ അന്തിമ പട്ടിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ **01.08.2019** വൈകിട്ട് **5** മണിക്ക് മുമ്പ് ലഭിക്കേണ്ടതാണ്. സർവ്വീസ് സംബന്ധിച്ച വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

8. **അഡ്മിറ്റ് കാർഡ്:** പ്രവേശന പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും പ്രവേശന പരീക്ഷയ്ക്കു മുമ്പായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

9. **പ്രവേശന പരീക്ഷ:** പ്രവേശന പരീക്ഷയുടെ സ്കീം, സിലബസ്സ് തുടങ്ങി വിദ്യാർത്ഥികൾക്കുള്ള പൊതുവായ നിർദ്ദേശങ്ങളെല്ലാം സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് ക്ലോസ് 9-ൽ ലഭ്യമാണ്. ഇത് സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

10. **റാങ്ക് ലിസ്റ്റ്:** പ്രവേശന പരീക്ഷയിൽ പങ്കെടുത്ത് നിശ്ചിത യോഗ്യത നേടുന്ന ജനറൽ വിഭാഗത്തിലെ അപേക്ഷാർത്ഥികളുടെ റാങ്ക് ലിസ്റ്റും പരീക്ഷയിൽ യോഗ്യത നേടിയ സർവ്വീസ് വിഭാഗത്തിലെ അപേക്ഷാർത്ഥികൾ ഉൾപ്പെടുന്ന പ്രത്യേക റാങ്ക് ലിസ്റ്റും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ **(www.cee-kerala.org)** പ്രസിദ്ധീകരിക്കുന്നതാണ്. സർവ്വീസ് വിഭാഗത്തിൽ അപേക്ഷിച്ചവർ പ്രവേശന പരീക്ഷയിൽ നിശ്ചിത യോഗ്യതയായ 40% മാർക്ക് നേടിയിരിക്കണം.

11. **പ്രവേശനം:** സർവ്വീസ് ക്വാട്ട ഉൾപ്പെടെ എല്ലാ സീറ്റുകളിലേയ്ക്കുമുള്ള, അലോട്ട്മെന്റ്, കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ, സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

12. സർക്കാർ അംഗീകരിച്ച്, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ളതും **www.cee-kerala.org**, **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളതുമായ 2019 ലെ ബിരുദാനന്തര ബിരുദ നഴ്സിംഗ് കോഴ്സിലെ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിലുള്ള വ്യവസ്ഥകൾ അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് എല്ലാ അപേക്ഷകരും ശ്രദ്ധിക്കേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471 2339101, 2339102, 2339103, 2339104, 2332123

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
23.07.2019